**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4182** **28-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരുണ്യ പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിലുണ്ട്. G.O.(Rt) 1739/2018/H&FWD dated: 29/05/2018 പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് നിലവിൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും വേർപെടുത്തി കാരുണ്യ സുരക്ഷ പദ്ധതി അഥവാ KASP എന്ന പേരിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പരിധിയിൽ നടത്തി വരുന്നുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലഭ്യമായ രേഖകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം 6837 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് കാരുണ്യപദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ആകെ എത്ര തുകയാണ് ഈ പദ്ധതി വഴി അനുവദിച്ചിട്ടുള്ളത്; | (ബി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലഭ്യമായ രേഖകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 6837 പേർക്ക് കാരുണ്യപദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. 2,95,50,232/- രൂപ (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഈ പദ്ധതി വഴി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നിർത്തലാക്കിയതായോ പദ്ധതി വഴിയുള്ള ധനസഹായം അനുവദിക്കേണ്ടതില്ലായെന്നത് സംബന്ധിച്ചോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 29/05/2018-ലെ G.0.(Rt)1739/2018/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയെ 01/04/2019 മുതൽ KASP പദ്ധതിയിൽ ലയിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 06/08/2019 ലെ G.O.(MS) 122/2019/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/07/2019 മുതൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ അപേക്ഷകൾ സ്വീകരിക്കുന്നത് അവസാനിപ്പിച്ചു. നിലവിൽ KASP വഴി ചികിത്സാ സഹായം നൽകിവരുന്നുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് പരസ്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു തവണ പരസ്യം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരസ്യത്തിന്റെ ബില്ല് പത്രസ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പരസ്യ തുക എത്രയാണെന്ന കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല. |
| (ഇ) | കാരുണ്യ ലോട്ടറി നിലവിലുണ്ടോ; എങ്കിൽ ഇത് വഴി സമാഹരിക്കുന്ന തുക നിലവിൽ ഏത് പദ്ധതിയ്ക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | നിലവിലുണ്ട്. ഇതുവഴി സമാഹരിക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് ചേർക്കുകയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ തുക ചികിത്സാനിധിയിലേയ്ക്ക് അനുവദിച്ചു നൽകുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ